പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1161 — 01/07/2015 ൽ മറുപടിയ്ക്ക്

## റവന്യൂ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത അദാലത്തുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) റവന്യൂ- സർവ്വെ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുള്ളതും 01/11/2014 മുതൽ 20/12/2014 വരെയും ലഭിച്ചതായ ഫയലുകളും സമയ ബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചത്. |
| (സി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് പ്രസ്തുത അദാലത്തുകളിൽ പരിഗണിക്കുന്നത്; | (സി) എൽ.ആർ.എം പരാതികൾ, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം എന്നീ വിഭാഗങ്ങളിലെ പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്. |
| (ഡി) അദാലത്തുകൾ ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്? | (ഡി) ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ആണ് 14 ജില്ലകളിലും റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ